ബോണക്കാട് എസ്റ്റേറ്റിലെ തൊഴിൽ പ്രശ്നം

51. [1833] ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ ബോണക്കാട് എസ്റ്റേറ്റിൽ തൊഴിലാളികൾക്ക് ബോണസും മാസശമ്പളവും മറ്റാനുകൂല്യങ്ങളും കൃത്യമായി വിതരണം ചെയ്യുന്നില്ല എന്ന പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത എസ്റ്റേറ്റ് ഉടമയ്ക്കെതിരെ കേസുകൾ നിലവിലുണ്ടോ ; എങ്കിൽ എത്രയെന്ന് വെളിപ്പെടുത്തുമോ ;

(സി) തോട്ടത്തിലെ തൊഴിൽ പ്രശ്നം പരിഹരിക്കുന്നതിന് സർക്കാർ ബന്ധപ്പെട്ടവരുടെ യോഗം വിളിച്ച് കൂട്ടിയോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇപ്പോൾ നിലവിലില്ല.

(സി) യോഗം വിളിച്ചുകൂട്ടി ചർച്ച നടത്തുകയും ചില കാര്യങ്ങളിൽ ധാരണയിലെത്തുകയും ചെയ്തിട്ടുണ്ട്. ധാരണയിലെത്താത്ത കാര്യങ്ങൾക്കായി ഉടൻ അടുത്ത ചർച്ച നടത്തുവാൻ തീരുമാനിക്കുകയും ചെയ്തു.

സ്വകാര്യ തൊഴിൽ പരിശീലന കേന്ദ്രങ്ങൾ

52. [1834] ശ്രീ. യൂനസ് കുഞ്ഞ് :

,, ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1994-95 കാലയളവിൽ സംസ്ഥാനത്ത് പുതുതായി എത്ര സ്വകാര്യ തൊഴിൽ പരിശീലന കേന്ദ്രങ്ങൾ തുടങ്ങുന്നതിന് അനുവാദം നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇപ്പോൾ എത്ര സ്വകാര്യ തൊഴിൽപരിശീലന കേന്ദ്രങ്ങൾ നിലവിലുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(സി) പുതിയ തൊഴിൽ പരിശീലനകേന്ദ്രങ്ങൾ അനുവദിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ വ്യക്തമാക്കാമോ ;

(ഡി) സംസ്ഥാനത്തെ സ്വകാര്യ ഐ. റ്റി. സി. കളിൽ എത്ര അദ്ധ്യാപകരുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഇ) ഇവർക്ക് സർക്കാർ ഐ. റ്റി. ഐ. കളിലെ അദ്ധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ ബാധകമാക്കാൻ നടപടി സ്വീകരിക്കുമോ ;

(എഫ്) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1994-95-ൽ സർക്കാർ 54 സ്വകാര്യ തൊഴിൽ പരിശീലന കേന്ദ്രങ്ങൾ തുടങ്ങുന്നതിന് ഭരണാനുമതി നൽകി.

(ബി) ഇപ്പോൾ 337 സ്വകാര്യ തൊഴിൽ പരിശീലന കേന്ദ്രങ്ങൾ നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly